**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ..........ഓർഡർ........

2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് എസ്.ആർ.ഒ. നമ്പർ 275/2020 ഭേദഗതി വരുത്തിക്കൊണ്ട് 2020 മെയ് 25-ാം തീയതി വിജ്ഞാപനം ചെയ്ത ഭേദഗതി ചട്ടങ്ങൾ എസ്.ആർ.ഒ. നം. 345/2020, നാളിതുവരെ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായില്ലെന്നും മൂലചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് അംഗങ്ങൾ നൽകിയ നോട്ടീസിന്മേൽ 2021 ജൂൺ 10-ാം തീയതിയും 2021 ആഗസ്റ്റ് 4-ാം തീയതിയും സഭയിൽ ചർച്ച നടന്ന വേളകളിൽപ്പോലും മൂലചട്ടങ്ങൾക്ക് സർക്കാർ ഭേദഗതി വരുത്തിയ കാര്യം പരാമർശിക്കുകയുണ്ടായില്ലെന്നും ഇത് അംഗങ്ങളുടേയും സഭയുടേയും അറിയാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം എസ്.ആർ.ഒ. നം. 345/2020 യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ

സംഭവിച്ചുപോയ കാലതാമസം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നവും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണവും ബന്ധപ്പെട്ട ചട്ടങ്ങളുടെയും സഭാ കീഴ്വഴക്കങ്ങളുടെയും പശ്ചാത്തലത്തിൽ ചെയർ വളരെ വിശദമായി പരിശോധിക്കുകയുണ്ടായി. 2020 ഏപ്രിൽ 16 -ാം തീയതി വിജ്ഞാപനം ചെയ്ത മൂലചട്ടങ്ങൾ കോവിഡ് പശ്ചാത്തലത്തിൽ സഭാ സമ്മേളനങ്ങൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ 2021 ജൂൺ 1-നാണ് ആദ്യം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായത്. തുടർന്ന് 23-07-2021-ന് അത് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽമേൽ 2021 ജൂൺ 10-ാം തീയതിയും ആഗസ്റ്റ് 4-ാം തീയതിയും അംഗങ്ങൾ ഭേദഗതി നോട്ടീസുകൾ നൽകുകയും സഭ പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂലചട്ടങ്ങൾക്ക് ഭേദഗതി വരുത്തികൊണ്ടും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന കൂടാതെയും 2020 മെയ് 25-ാം തീയതി ആഭ്യന്തരവകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 345/2020 യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതിനാൽ മൂലചട്ടത്തിന് ഭേദഗതി നൽകിയിരുന്ന

അംഗങ്ങൾക്കും സഭയ്ക്കാകെയും പ്രസ്തുത ഭേദഗതി ചട്ടങ്ങളെ സംബന്ധിച്ച് ഒരു ധാരണയും ആ സമയമുണ്ടായിരുന്നില്ല. അക്കാര്യമാണ് പ്രധാനമായും ക്രമപ്രശ്നം ഉന്നയിച്ച അംഗം ചൂണ്ടിക്കാണിച്ചത്. സഭാ ചട്ടം 238(1) ന്റെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരമുള്ള സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാകാത്ത സാഹചര്യത്തിലാണ് പ്രസ്തുത ഭേദഗതി ചട്ടം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതെന്ന വാദം നിലനിൽക്കുന്നതല്ല. ഭേദഗതി ചട്ടങ്ങളും മൂലചട്ടങ്ങൾക്കൊപ്പം 2021 ജൂൺ 1-നും ജൂലൈ 23-നും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. നിയമസഭാ നടപടി ചട്ടം 166(1) -ൽ യാതൊരു ചട്ടവും അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്ക് ശേഷമോ, പരിശോധന കൂടാതെയോ പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഉടൻതന്നെ നിർദ്ദിഷ്ടകാലയളവിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ ചട്ടം വളരെ വ്യക്തമാണ്. മൂലനിയമമായ 2010 -ലെ കേരള പോലീസ് ആക്ടിലെ 2011 -ലെ 8 സെക്ഷൻ 129(3) -ലും അപ്രകാരമാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് യാതൊരു അവ്യക്തതയും ഈ വിഷയത്തിൽ ഉണ്ടാവേണ്ട കാര്യമില്ല. ഇവിടെ പരാമർശിക്കപ്പെട്ട ഭേദഗതി ചട്ടങ്ങൾ യഥാസമയം

സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രസ്താവന സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടാതിരിക്കാൻ കർശന മാർഗ്ഗനിർദേശം പുറപ്പെടുവിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം വയ്ക്കുന്നില്ലെന്ന പരാതികൾ ആവർത്തിച്ച് ആവർത്തിച്ച് സഭാതലത്തിൽ ഉയർന്നുവരുന്ന സാഹചര്യത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് കർശനമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ചെയർ നിർദ്ദേശിക്കുന്നു.